പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4233

25.06.2018 -ലെ മറുപടിയ്ക്ക്

## ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി ജോർജ് | ശ്രീ. ടി.പി.രാമകൃഷ്ണൻ (ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തോട്ടം മേഖലയിലെ പ്രശ്നങ്ങളെപറ്റി പഠിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്; വിശദമാക്കാമോ; | (എ) യും (ബി) യും ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മിഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായുള്ള ശുപാർശ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് (അനുബന്ധമായി ചേർക്കുന്നു) സർക്കാർ പരിശോധിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിതല കമ്മിറ്റിയുടെ 14 ശുപാർശകളിൽ 10 എണ്ണം സർക്കാർ അംഗീകരിക്കുകയും (ശുപാർശ നം. 1, 2, 3, 4, 7, 9, 10. 11, 13, 14) ഒരെണ്ണം നിരസിക്കുകയും (ശുപാർശ 8) മൂന്നെണ്ണം ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. (ശുപാർശ നം. 5, 6, 12) |
| (ബി) പ്രസ്തുത റിപ്പോർട്ടിൽ ഇനി എന്തെങ്കിലും കാര്യങ്ങൾ പുതിയതായി ചേർക്കുവാനോ കുറയ്ക്കുവാനോ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | |
| സി) തോട്ടം മേഖലയിലെ നിലവിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണുവാൻ രാഷ്ട്രീയപാർട്ടികളുടെ സർവ്വകക്ഷിയോഗം വിളിയ്ക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1)പ്ലാന്റേഷൻ ടാക്സ് നിർത്തലാക്കണമെന്ന ആവശ്യം വളരെ പഴക്കമുള്ള ഒന്നാണെന്നും കേരളത്തിൽ മാത്രമാണ് ഇപ്പോൾ ടി ടാക്സ് നിലവിലുള്ളതെന്നും കമ്മിറ്റി നിരീക്ഷിച്ചു. ആയതിനാൽ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് ശുപാർശ ചെയ്തു.

2)തോട്ടം ഉടമകളിൽ നിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് അഞ്ച് വർഷത്തേക്ക് മരവിപ്പിക്കണമെന്ന കമ്മീഷന്റെ ശുപാർശ അംഗീകരിക്കുന്നതിന് യോഗം ശുപാർശ ചെയ്തു

3) എസ്റ്റേറ്റുകളിലെ നിലവിലുള്ള എല്ലാ ലയങ്ങളും വളരെ പഴക്കമുള്ളതും ജീർണ്ണാവസ്ഥയിലുള്ളതും ആണെന്ന് യോഗം വിലയിരുത്തി. ഇത്തരം ലയങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കുന്നത് അസാധ്യമായതിനാൽ എല്ലാ ലയങ്ങളേയും കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കണമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നതിന് ശുപാർശ ചെയ്തു.

4)നിലവിലുള്ള ഭൂനികുതി നാമമാത്രമാണെന്ന് യോഗം വിലയിരുത്തി. ഭൂനികുതി ഒഴിവാക്കണമെന്ന കമ്മീഷൻ ശുപാർശ അംഗീകരിക്കേണ്ടതില്ലെന്ന് യോഗം ശുപാർശ ചെയ്തു.

5)നിലവിൽ റബ്ബർ മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് 2500/ രൂപയാണെന്ന് യോഗം വിലയിരുത്തി. റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ ടി തുക വളരെ കൂടുതലാണെന്ന് യോഗം വിലയിരുത്തി. ഒരു റബ്ബർമരം മുറിച്ച് വിൽക്കുമ്പോൾ ലഭിക്കുന്ന ശരാശരി തുക ഏകദേശം 5000/- രൂപയാണ്. മേൽ സാഹചര്യത്തിൽ സീനിയറേജ് തുക നിലവിലെ 2500/-രൂപയിൽ നിന്നും 1000/- രൂപയായി കുറയ്ക്കുന്നതിന് യോഗം ശുപാർശ ചെയ്തു.

6)നിലവിലുള്ള ലയങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കുന്നത് അസാധ്യമായതിനാൽ സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതി ( ലൈഫ്) ൽപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതാണെന്ന് തീരുമാനിച്ചു. ഇതിനായി ആവശ്യമായി വരുന്ന ചെലവിന്റെ 50% സർക്കാരും 50% തോട്ടം ഉടമകളും വഹിക്കേണ്ടതാണ്. തോട്ടം ഉടമകളിൽ നിന്നും ഈടാക്കേണ്ടതായ 50% തുക ഏഴ് വാർഷിക ഗഡുക്കളായി ( പലിശ രഹിതം) ഈടാക്കി പദ്ധതി നടപ്പാക്കാവുന്നതാണ്. പദ്ധതി നടത്തിപ്പിന് ആവശ്യമായ സ്ഥലം എസ്റ്റേറ്റ് ഉടമകൾ സൗജന്യമായി സർക്കാരിന് ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ തോട്ടമുടമകളുമായി ഒരു കരാർ ഉടമ്പടി ഉണ്ടാക്കേണ്ടതാണെന്ന് ശുപാർശ ചെയ്തു.

7)തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ സ്കീം ബാധകമാക്കുന്ന വിഷയം തൊഴിൽ വകുപ്പിന്റെ പരിഗണനയിലാണെന്ന് നിരീക്ഷിച്ചു.

8)തോട്ടങ്ങളുടെ അടിസ്ഥാനപരമായ ഘടനയ്ക്ക് കോട്ടം തട്ടാത്ത രീതിയിൽ അനുയോജ്യമായ ഇടവിള കൃഷി ചെയ്യുന്നതിനുള്ള ശുപാർശ തത്വത്തിൽ അംഗീകരിച്ചു. എന്നാൽ ലാന്റ് റിഫോംസ് ആക്ട് ദുർവിനിയോഗം ചെയ്യാത്തരീതിയിൽ എസ്റ്റേറ്റുകളുടെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് കൃഷി, വനം വകുപ്പുകളുടെ കൂടി അഭിപ്രായം തേടിയശേഷം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണെന്ന് ശുപാർശ ചെയ്തു.

9) തോട്ടങ്ങളുടെ പാട്ടകാലാവധി അവസാനിക്കുന്ന മുറയ്ക്ക് പാട്ടം പുതുക്കി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ തടസ്സം നിൽക്കുന്ന കാര്യങ്ങൾ പരിശോധിച്ച് നിയമ വകുപ്പ് സെക്രട്ടറി ഒരു കുറിപ്പ് നൽകേണ്ടതാണെന്ന് ശുപാർശ ചെയ്തു.

10)കേരളാ ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രെജൈൽ ലാന്റ്) ആക്ടിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കിക്കൊണ്ട് നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

11) തേയില, ഏലം, കാപ്പി എന്നിവ സംസ്ഥാന സർക്കാരിന്റെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പോലുള്ള പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുത്തി സർക്കാർ തന്നെ തോട്ടങ്ങളിൽ നിന്ന് നേരിട്ട് ശേഖരിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്ന കമ്മീഷന്റെ ശുപാർശ അപ്രായോഗിക മായതിനാൽ പരിഗണിക്കേണ്ട ആവശ്യമില്ലെന്ന് നിരീക്ഷിച്ചു.

12)ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തന രഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ അല്ലെങ്കിൽ തൊഴിലാളികളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് അവയ്ക്ക് സർക്കാർ ധനസഹായം നൽകി പ്രവർത്തിപ്പിക്കുകയോ ചെയ്യണമെന്ന വിഷയത്തിൽ ആവശ്യമായ നിയമനിർമ്മാണം (Initiate proposal for legal frame work)നടത്തുന്ന കാര്യം പരിശോധിക്കേണ്ടതാണ്. റവന്യൂ വകുപ്പ് നിലവിൽ തയ്യാറാക്കിയിരിക്കുന്ന ലാന്റ് ലീസ് ആക്ടിന്റെ പരിധിയിൽ ഇക്കാര്യം കൂടി കൊണ്ടുവരുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തു.

13)തൊഴിലാളികളുടെ വേതനം കാലോചിതമായ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ആവശ്യമായനടപടികൾ തൊഴിൽ വകുപ്പ് സ്വീകരിക്കേണ്ടതാണെന്ന് ശുപാർശ ചെയ്തു.

14)പ്ലാന്റേഷൻ മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്ന പരിഹാരത്തിന് സംസ്ഥാന സർക്കാരിന്റെ പ്ലാന്റേഷൻ പോളിസി തയ്യാറാക്കുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണെന്ന് ശുപാർശ ചെയ്തു.

S Reeba

**സെക്ഷൻ ഓഫീസർ**